3) വി. ബാലകൃഷ്ണപിള്ള, സീനിയർ മാനേജർ, കുളത്തൂപ്പുഴ-ആഭ്യന്തര പരിശോധന വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

4) ശ്രീ. കെ.ജി. രാംദാസൻ, സീനിയർ മാനേജർ തൃശൂർ 5- കുറ്റപത്രം നൽകി മറുപടി പരിശോധിച്ചുവരുന്നു.

5) ഡി. ജോർജ്ജ്, സ്പെഷ്യൽ ഗ്രേഡ് അസിസ്റ്റന്റ്-കുറ്റപത്രം നൽകി മറുപടി ലഭിച്ചിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) കമ്പനികളുടെ ഉന്നത ഉദ്യോഗസ്ഥന്മാർ ഉൾപ്പെട്ട ഒരു പർച്ചേസ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം സീനിയർ മാനേജരുടെ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലാണ് സാധനങ്ങൾ വാങ്ങുന്നതും സ്റ്റേഷനറി പ്രിന്റിംഗ് തുടങ്ങിയ ജോലികൾ ചെയ്യിപ്പിക്കുന്നതും. ഈ വിഷയവുമായി ബന്ധപ്പെട്ട് ആരുടെ പേരിലും നടപടികൾ കൈക്കൊണ്ടിട്ടില്ല.

41 (1082) കെ.എസ്.എഫ്.ഇ. ഭാഗ്യക്കുറി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. എന്തെങ്കിലും ഭാഗ്യക്കുറി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) ചിട്ടിയുമായി ബന്ധപ്പെട്ടാണോ പ്രസ്തുത ഭാഗ്യക്കുറി ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ഭാഗ്യക്കുറിയുടെ സമ്മാനങ്ങൾ എന്തൊക്കെ ആണെന്നും എത്ര തുകയുടെതാണെന്നും നറുക്കെടുപ്പിൽ കൃത്രിമം നടത്താതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(സി) ഇല്ല. എന്നാൽ പുതുവർഷത്തോടനുബന്ധിച്ച് കമ്പനി വിവിധ സമ്മാനങ്ങളോടുകൂടിയ "മില്ലേനിയം ചിട്ടികൾ" എന്ന പുതിയ ഒരു പദ്ധതി നടപ്പിലാക്കിയിരുന്നു.

42 (1083) ആറന്മുളയിൽ കെ.എസ്.എഫ്.ഇ. ശാഖ ആരംഭിക്കാൻ നടപടി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള ആസ്ഥാനമായി കേരള സ്റ്റേറ്റ് ഫൈനാൻഷ്യൽ എന്റർപ്രൈസസിന്റെ ഒരു ശാഖ ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly